(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം ക്രമീകരിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു.

(ബി) വില്ലേജ് ആഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സുഗമവും, കാര്യക്ഷമമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി&ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.

റേഷൻ വിതരണത്തിന് വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനങ്ങൾ

18(*408) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് ഏർപ്പെടുത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു കൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ-സി) പൊതുവിതരണത്തിനായുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും വിതരണത്തിനായി കൊണ്ടു പോകുന്ന വാഹനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്ത് സുതാര്യത ഉറപ്പ് വരുത്തുക എന്നതാണ് ജി.പി.എസ്. സംവിധാനം വഴി ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച സാദ്ധ്യത പഠനം നടക്കുകയാണ്.

ചാൻസലേഴ്സ് കൗൺസിൽ

19(*409) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാൻസലേഴ്സ് കൗൺസിലിൽ അംഗങ്ങളാകാനുള്ള യോഗ്യത എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിട്ടാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ,

(എ) 25-11-2014-ലെ GS5-3094/2014 ഉത്തരവിലൂടെ സർവ്വകലാശാല ചാൻസലർ കൂടിയായ ബഹു. ഗവർണർ ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ചാൻസലർ, പ്രോ-ചാൻസലർ, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ, ചാൻസലറുടെ അധികാര പരിധിയിലുള്ള സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഗവർണറുടെ സെക്രട്ടറി എന്നിവരാണ് പ്രസ്തുത കൗൺസിലിലെ അംഗങ്ങൾ. ഗവർണറുടെ സെക്രട്ടറിയാണ് ചാൻസലേഴ്സ് കൗൺസിലിന്റെ കൺവീനർ.

(ബി) കേരളത്തിലെ സർവ്വകലാശാലകൾ തമ്മിലും സർക്കാരുമായും സഹകരണം പരിപോഷിപ്പിക്കുന്നതിനും സർവ്വകലാശാലകളുടെ പ്രവർത്തനം അതിന്റെ ഔന്നത്യത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനും കേരളത്തിലെ ജനങ്ങൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള ഏകോപന പ്രവർത്തനങ്ങൾ സംജാതമാക്കുന്നതിനും വേണ്ടിയുള്ള ഒരു ഉപദേശക സമിതി എന്ന നിലയ്ക്കാണ് പ്രസ്തുത കൗൺസിൽ രൂപീകരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly